കുലശേഖരം, ചെറുവയ്ക്കൽ, കുടപ്പനക്കുന്ന് യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

71 [1475] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ പുതുതായി ഗവൺമെന്റ് അപ്പർ പ്രൈമറി, ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സ്കൂളുകളാണ് ഓരോ വിഭാഗത്തിലും അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) തിരുവനന്തപുരം നഗരത്തിലെ കുലശേഖരം, ചെറുവയ്ക്കൽ, കുടപ്പനക്കുന്ന് യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നയപരമായ തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്താൻ നടപടി

72 [1476] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ അധീനതയിൽ സ്ഥലം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥലം പോളിടെക്നിക്കിനുവേണ്ടി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പോളിടെക്നിക്കായി ഉയർത്തുന്നതിന് എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം നേടേണ്ടതുണ്ട്. അതിനുശേഷം അപേക്ഷ സമർപ്പിച്ചാൽ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് പരിഗണിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഈ ചോദ്യം ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly